പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1900 **26-10-2026-ൽ മറുപടിയ്ക്ക്**

ക്ഷാമബത്ത / ക്ഷാമാശ്വാസ കുടിശിക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. എം. നസീർ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) കഴിഞ്ഞ സർക്കാർ സ്ഥാനമൊഴിയുമ്പോൾ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും എത്ര മാസത്തെ ക്ഷാമബത്ത/ക്ഷാമാശ്വാസ കുടിശികയാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ;

മറുപടി: കഴിഞ്ഞ സർക്കാർ സ്ഥാനമൊഴിയുമ്പോൾ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുണ്ടായിരുന്ന ക്ഷാമബത്ത/ക്ഷാമാശ്വാസ കുടിശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രാബല്യ തീയതി	ക്ഷാമബത്ത (മാസം)	ക്ഷാമാശ്വാസം (മാസം)
01.01.2021	39	39
01.07.2021	39	40
01.01.2022	39	39
01.07.2022	37	38
01.01.2023	33	34
01.07.2023	31	32
01.01.2024	26	27
01.07.2024	20	21
01.01.2025	14	15
01.07.2025	8	9
01.01.2026	4	5

(ബി) പ്രസ്തുത കുടിശിക പ്രകാരം ജീവനക്കാർക്കും പെൻഷൻകാർക്കും മൊത്തം എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ;

മറുപടി: ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുവാനുള്ള ക്ഷാമബത്ത/ ക്ഷാമാശ്വാസ കുടിശിക ഇനത്തിൽ സർക്കാരിന് ഏകദേശം 38894.33 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യതയാണുള്ളത്.

(സി) പ്രസ്തുത കുടിശിക നല്കുന്നതിന് സർക്കാരിന് എത്ര രൂപയുടെ അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന് വ്യക്തമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) പ്രസ്തുത കുടിശിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മറുപടി: പ്രസ്തുത കുടിശ്ശിക തുക അനുവദിക്കുന്ന വിഷയം നിലവിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ